# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4208 — 19.10.2011 ൽ മറുപടിയ്ക്ക്

## ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. എം. എ. വാഹിദ്<br>ശ്രീ. എ. റ്റി. ജോർജ്ജ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) കാർഷിക വികസനത്തിന് സഹകരണ മേഖലയിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) കാർഷിക മേഖലയുടെ വികസനത്തിനായി കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ കുറഞ്ഞ പലിശ നിരക്കിലും സുഗമമായും വിതരണം ചെയ്യുന്നതിന് സംഘങ്ങൾക്ക് കർശന നിർദ്ദേശം നൽകുകയും ആയത് വിലയിരുത്തുകയും ചെയ്തു വരുന്നു. പഞ്ചായത്ത് തലത്തിൽ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ ആഭിമുഖ്യത്തിൽ കൃഷി വകുപ്പിന്റെ സഹകരണത്തോടുകൂടി കർഷകരുടെ യോഗം വിളിച്ചുകൂട്ടി വായ്പാ വിതരണം സംബന്ധിച്ച് കർഷകർക്ക് ബോധവൽക്കരണം നടത്തുന്നതിനും കർഷകർക്ക് ആവശ്യമായ വായ്പ ലഭ്യമാക്കുന്നതിനും കാർഷിക വായ്പാ വിതരണത്തിൽ കൂടുതൽ നേട്ടവും പുരോഗതിയും കൈവരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നെൽകൃഷിക്ക് പരിധി കണക്കിലെടുക്കാതെ സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി പലിശ രഹിത വായ്പ അനുവദിച്ചു വരുന്നു. മാത്രമല്ല സഹകരണ സംഘങ്ങൾ കൊയ്ത്ത്, |

| | | | |
|---|---|---|---|
| | | | മെതിയന്ത്രങ്ങൾ വാങ്ങി കർഷകർ, പാടശേഖര സമിതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വാടകയ്ക്ക് നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമേ കാർഷിക അനുബന്ധ ആവശ്യങ്ങൾക്ക് പരമാവധി 11% പലിശനിരക്കിൽ 10 ലക്ഷം രൂപ വരെ ഹ്രസ്വകാല വായ്പ നൽകി വരുന്നു. |
| (ബി) | കാർഷിക വായ്പകൾക്കു പുറമേ വിത്തും വളവും എത്തിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | കാർഷിക വായ്പകൾക്കു പുറമേ സഹകരണ സംഘങ്ങൾ മുഖേന എൻ.സി.ഡി.സി. സഹായത്തോടെ ഫാർമേഴ്സ് സെന്ററുകൾ ആരംഭിക്കുകയും വിത്ത്, വളം മറ്റ് കാർഷികോപകരണങ്ങൾ തുടങ്ങിയവ വിതരണം ചെയ്യുന്ന പദ്ധതിയും നിലവിലുണ്ട്. ഇതിനുപുറമേ സംഘങ്ങൾ സ്വന്തം ഫണ്ടുപയോഗിച്ച് വളം, കീടനാശിനി, വിത്ത് തുടങ്ങിയവയുടെ വിൽപ്പനക്കായി പ്രത്യേക വിൽപ്പനശാലകളും ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ; | (സി) | എൻ.സി.ഡി.സി. സഹായത്തോടെ ഫാർമേഴ്സ് സെന്ററുകൾ തുടങ്ങുന്നതിനും പ്രവർത്തനം വിപുലീകരിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ ആദ്യ ഘട്ടത്തിൽ എത്ര സെന്ററുകൾ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | 2010-11 വർഷത്തിൽ 45 സഹകരണ സംഘങ്ങൾക്ക് ഫാർമേഴ്സ് സെന്ററുകൾ തുടങ്ങുന്നതിനായി 4,00,50,000/- (400.50 ലക്ഷം) രൂപ എൻ.സി.ഡി.സി. ധനസഹായമായി നൽകിയിട്ടുണ്ട്. 2011-12 വർഷത്തിൽ 50 ഫാർമേഴ്സ് സെന്ററുകൾ ആരംഭിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) ഇതിന്റെ പ്രവർത്തന രീതി എപ്രകാരമായിരിക്കും? | (ഇ) | വിത്ത്, വളം മറ്റ് കാർഷികോപകരണങ്ങൾ എന്നിവ സംഘങ്ങൾ വാങ്ങി കർഷകർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്യുകയാണ് ഫാർമേഴ്സ് സെന്ററിന്റെ പ്രധാന പ്രവർത്തനം |

സെക്ഷൻ ഓഫീസർ